കേരളസർക്കാർ

നം. 58680/ജെ1/12/പൊ.വി.വ.

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്
തിരുവനന്തപുരം.
തീയതി.11.10.2012.

# സർക്കുലർ

വിഷയം. പൊതു വിദ്യാഭ്യാസം- ഗവ. എൽ.പി/ യു.പി സ്കൂളുകളിൽ സ്വതന്ത്ര്യ ചുമതലയുള്ള ഹെഡ് ടീച്ചർമാരെ നിയമിക്കുമ്പോഴുണ്ടാകുന്ന ഒഴിവുകളിൽ ദിവസവേതനക്കാരെ നിയമിക്കുന്നത്-സ്പഷ്ടീകരണം-സംബന്ധിച്ച്.

സൂചന. 1) 28.12.11-ലെ ജി.ഒ (പി) 256/11/പൊ.വി.വ നമ്പർ ഉത്തരവ്.
2) 6.8.12-ലെ ജി.ഒ (ആർ.ടി) 3778/12/പൊ.വി.വ നമ്പർ ഉത്തരവ്.

28.12.11-ലെ ജി.ഒ.(പി) 256/11/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി സ്കൂളുകളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലും ഹെഡ് ടീച്ചർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കാനും തന്മൂലമുണ്ടാകുന്ന ഒഴിവുകളിൽ 2011-12 വർഷം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താനും ഉത്തരവായിരുന്നു. തുടർന്ന് 2012-13 വർഷത്തിലും ഗവൺമെന്റ് എൽ.പി/ യു.പി സ്കൂളുകളിൽ ഇപ്രകാരം ഉണ്ടാവുന്ന ഒഴിവുകളിൽ ദിവസവേതനക്കാരെ നിയമിക്കുവാൻ 06.08.2012-ലെ ജി.ഒ (ആർ.ടി) 3778/12/പൊ.വി.വ മുഖേന ഉത്തരവായിരുന്നു.

2012-13 വർഷത്തിൽ ഹെഡ് ടീച്ചർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുന്നതു മൂലം ഗവൺമെന്റ് എൽ.പി/ യു.പി സ്കൂളുകളിൽ ഉണ്ടാകുന്ന വേക്കൻസികളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുമ്പോൾ അതേ ജില്ലയിലെ എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തികകളിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ

അപേക്ഷകരായുണ്ടെങ്കിൽ, അവർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനത്തിൽ മുൻഗണന നൽകണമെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. } പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ